

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA KLM P10/1220/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 25/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P10/1220/2022 തീയ്യതി: 25/07/2022

കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2022 മുതൽ 20-06-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-01-2022 മുതൽ 31-05-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി അമ്പിളി എം.ഡി	ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)	22-06-2022	01-07-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
22-06-2022	01-07-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ബിജി വർഗ്ഗീസ്.,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) 23.06.2022 വരെ മാത്രം
ശ്രീമതി മഞ്ജുളാ സാഗർ.,അസ്സി.ഓഡിറ്റ് ഓഫീസർ 24.06.2022 വരെ മാത്രം
ശ്രീമതി പത്മകുമാരി എൽ.,അസ്സി.ഓഡിറ്റ് ഓഫീസർ
ശ്രീ.സുനിൽകുമാർ യു.എസ്.,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)

ശ്രീമതി പി.പുഷ്പകുമാരി	പ്രസിഡന്റ്	01-04-2020	14-11-2020
ഭരണനിർവ്വഹണ സമിതി	പ്രസിഡന്റ്	15-11-2020	29-12-2020
ശ്രീമതി ശ്രീജ എസ്.കെ.	പ്രസിഡന്റ്	30-12-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.അജ്മൽ ജെ.	സെക്രട്ടറി	01-04-2020	31-03-2021
ശ്രീമതി ശ്രീലക്ഷ്മി എസ്.	മെഡിക്കൽ ഓഫീസർ(പി.എച്ച്.സി)	01-04-2020	31-03-2021
ശ്രീമതി മിനി എസ്.പൈ	മെഡിക്കൽ ഓഫീസർ(ആയൂർവേദം)	01-04-2020	31-03-2021
ശ്രീമതി ജാസ്മി ജമാൽ	വെറ്ററിനറി സർജൻ	01-04-2020	26-06-2020
ശ്രീ.നിഷാന്ത്	വെറ്ററിനറി സർജൻ	27-06-2020	31-03-2021
ശ്രീ.റ്റി.ഡി.ഹരികുമാർ	അസ്സിസ്റ്റന്റ് സെക്രട്ടറി	01-04-2020	31-03-2021
ശ്രീമതി ഷാജിത	എെ.സി.ഡി.എസ്.സൂപ്പർവൈസർ	01-04-2020	31-03-2021
ശ്രീമതി പദ്മജാദേവി	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2020	31-03-2021
ശ്രീ.വിശാൽരാജ് ആർ.	വി.ഇ.ഒ.	01-04-2020	31-03-2021
ശ്രീ.അനൂപ് ടി	വി.ഇ.ഒ	01-04-2020	31-03-2021
ശ്രീമതി പ്രസന്നകുമാരിയമ്മ	ഹെഡ്മാസ്റ്റർ	01-04-2020	31-03-2021
ശ്രീമതി ബിന്ദുമോൾ കെ.	കൃഷി ഓഫീസർ	01-04-2020	31-03-2021
ശ്രീമതി നിഷ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2020	22-06-2020
ശ്രീമതി സരിത ഭാർഗ്ഗവൻ	അസിസ്റ്റന്റ് എഞ്ചിനീയർ	22-06-2020	31-03-2021

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: Sunilkumar.U.S (Auditor, On 30-06-2022) Last Updated By: Santhosh N (Computer Assistant, On 23-07-2022)	1-1
2	വാർഷികധനകാര്യപത്രിക Written By: Sunilkumar.U.S (Auditor, On 30-06-2022) Last Updated By: Santhosh N (Computer Assistant, On 23-07-2022)	1-2
3	വാർഷിക ധനകാര്യപത്രികാ പരിശോധന Written By: Padmakumari L (Asst. Audit Officer, On 01-07-2022) Last Updated By: Santhosh N (Computer Assistant, On 23-07-2022)	1-2-1
4	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) Written By: Sunilkumar.U.S (Auditor, On 30-06-2022) Last Updated By: Santhosh N (Computer Assistant, On 23-07-2022)	1-3
5	ഗ്രാന്റ് വിനിയോഗം Written By: Padmakumari L (Asst. Audit Officer, On 01-07-2022) Last Updated By: Santhosh N (Computer Assistant, On 23-07-2022)	1-4
6	പദ്ധതി അവലോകനം Written By: Sunilkumar.U.S (Auditor, On 30-06-2022) Last Updated By: Santhosh N (Computer Assistant, On 23-07-2022)	1-5
7	തൊഴിലുറപ്പ് പദ്ധതി Written By: Sunilkumar.U.S (Auditor, On 30-06-2022) Last Updated By: Santhosh N (Computer Assistant, On 23-07-2022)	1-6
8	ക്ഷേമ പദ്ധതികൾ Written By: Sunilkumar.U.S (Auditor, On 30-06-2022) Last Updated By: Santhosh N (Computer Assistant, On 23-07-2022)	1-7
9	ക്യാഷ് പരിശോധന Written By: Sunilkumar.U.S (Auditor, On 30-06-2022) Last Updated By: Santhosh N (Computer Assistant, On 23-07-2022)	1-8
10	ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാന്വൽ പാർട്ട് 1 അനുബന്ധം ബി) Written By: Sunilkumar.U.S (Auditor, On 30-06-2022) Last Updated By: Santhosh N (Computer Assistant, On 23-07-2022)	1-9
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം Written By: Sunilkumar.U.S (Auditor, On 30-06-2022) Last Updated By: Santhosh N (Computer Assistant, On 23-07-2022)	1-10
12	റീട്ടെയിൽ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയില്ല Written By: Sunilkumar.U.S (Auditor, On 01-07-2022) Last Updated By: Santhosh N (Computer Assistant, On 23-07-2022)	1-11
13	സേവന ഉപനികുതി ഈടാക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നില്ല Written By: Sunilkumar.U.S (Auditor, On 01-07-2022) Last Updated By: Santhosh N (Computer Assistant, On 23-07-2022)	1-12
14	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-32,436/-രൂപയുടെ മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു Written By: Sunilkumar.U.S (Auditor, On 01-07-2022) Last Updated By: Santhosh N (Computer Assistant, On 23-07-2022)	1-13
15	ലൈഫ് ഭവനപദ്ധതി-നിർമ്മാണം പൂർത്തിയാക്കിയില്ല Written By: Sunilkumar.U.S (Auditor, On 01-07-2022) Last Updated By: Santhosh N (Computer Assistant, On 23-07-2022)	1-14
16	വിവാഹ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ഈടാക്കിയ 21029/-പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല Written By: Sunilkumar.U.S (Auditor, On 02-07-2022) Last Updated By: Santhosh N (Computer Assistant, On 23-07-2022)	1-15

17	വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. Written By: Padmakumari L (Asst. Audit Officer, On 01-07-2022) Last Updated By: Santhosh N (Computer Assistant, On 23-07-2022)	1-16
18	സ്റ്റീറ്റ് ടാപ്പുകളുടെ വെള്ളക്കരം- സംയുക്ത പരിശോധന നടത്തി തുക ക്രമീകരിച്ചിട്ടില്ല. Written By: Padmakumari L (Asst. Audit Officer, On 01-07-2022) Last Updated By: Sunilkumar.U.S (Auditor, On 25-07-2022)	1-17
19	വസ്തു നികുതി ഡിമാന്റ് - വാർഷിക ധനകാര്യ പത്രികയിൽ ആനുപാതികമായ വർദ്ധനവ് ഉൾപ്പെടുത്തിയിട്ടില്ല Written By: Sunilkumar.U.S (Auditor, On 02-07-2022) Last Updated By: Naveen Chandran (Audit Officer, On 22-07-2022)	1-18
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം Written By: Sunilkumar.U.S (Auditor, On 30-06-2022) Last Updated By: Santhosh N (Computer Assistant, On 23-07-2022)	4-1
2	സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം Written By: Sunilkumar.U.S (Auditor, On 01-07-2022) Last Updated By: Santhosh N (Computer Assistant, On 23-07-2022)	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ Written By: Sunilkumar.U.S (Auditor, On 30-06-2022) Last Updated By: Santhosh N (Computer Assistant, On 23-07-2022)	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ Written By: Sunilkumar.U.S (Auditor, On 30-06-2022) Last Updated By: Santhosh N (Computer Assistant, On 23-07-2022)	4-4
5	വായ്പ / വായ്പാതിരിച്ചടവ് Written By: Sunilkumar.U.S (Auditor, On 30-06-2022) Last Updated By: Santhosh N (Computer Assistant, On 23-07-2022)	4-5
6	സ്ഥിര നിക്ഷേപം Written By: Sunilkumar.U.S (Auditor, On 30-06-2022) Last Updated By: Santhosh N (Computer Assistant, On 23-07-2022)	4-6
7	ഓഡിറ്റ് റിക്കവറി Written By: Sunilkumar.U.S (Auditor, On 30-06-2022) Last Updated By: Santhosh N (Computer Assistant, On 25-07-2022)	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് Written By: Sunilkumar.U.S (Auditor, On 30-06-2022) Last Updated By: Santhosh N (Computer Assistant, On 23-07-2022)	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം Written By: Sunilkumar.U.S (Auditor, On 30-06-2022) Last Updated By: Santhosh N (Computer Assistant, On 23-07-2022)	4-9
10	ഓഡിറ്റ് പ്രത്യവലോകനം Written By: Sunilkumar.U.S (Auditor, On 30-06-2022) Last Updated By: Santhosh N (Computer Assistant, On 25-07-2022)	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ Written By: Sunilkumar.U.S (Auditor, On 30-06-2022) Last Updated By: Santhosh N (Computer Assistant, On 23-07-2022)	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

3	അനുബന്ധപത്രികകൾ

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

ഗ്രാമപ്പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ബജറ്റ് 18.03.2020 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 15.02.2021 തീയതിയിലെ 3(1)തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-2 വാർഷികധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2021	13.10.2021	ബാധകമല്ല	ബാധകമല്ല

** സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് സമർപ്പിക്കണമെന്നാണ് 1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിൽ വ്യക്തമാക്കിയിട്ടുള്ളത്. 21.09.2020 മുതൽ l.L.G.M.S. നടപ്പാക്കിയതിനാൽ നിയമത്തിൽ അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽ വാർഷിക ധനകാര്യ പത്രിക സമർപ്പിക്കാൻ സാധിച്ചില്ല.

1-2-1 വാർഷിക ധനകാര്യപത്രികാ പരിശോധന

1.ട്രഷറി അക്കൗണ്ട് (79901300000883) റിക്കൺസിലേഷനിൽ ഡയറക്ടി ഡെബിറ്റഡ് ബൈ ബാങ്ക് എന്നയിനത്തിൽ കുറവ് ചെയ്തിട്ടുള്ള 1824858/-രൂപ ഏതിനത്തിലുള്ളതാണെന്നതിന്റെ വിശദവിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയില്ല.

2. Kurdfc Loan രജിസ്റ്റർ പ്രകാരം തൻവർഷ ലോൺവരവ് 11160000/-രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ വരവായി ഉൾപ്പെടുത്തിയിരിക്കുന്നത് 11060000/-രൂപയാണ്. രജിസ്റ്റർ പ്രകാരം പ്രീപെയ്ഡ് പ്രേഗ്രാം എക്സ്പെൻസ് 10530000/--ആണെങ്കിലും വാർഷിക ധനകാര്യപത്രികയിൽ 2280000/-രൂപയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

3. Life State Share വരവ് രേഖകൾ പ്രകാരം 2300000/-രൂപ ആണെങ്കിലും വാർഷിക ധനകാര്യപത്രികയിൽ 2100000/-രൂപ ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

4.കോൺട്രാക്ടേർസ് ഇ.എം.ഡി.യിനത്തിലുള്ള 9850/-രൂപ തിരികെ നൽകിയെങ്കിലും ചെലവ് ഹെഡിൽൽ ടി തുക ഉൾപ്പെടുത്തിയിട്ടില്ല.

5.കോൺട്രാക്ടേർസ് Security Deposit 7400/-രൂപ വരവ് ഉണ്ടെങ്കിലും ടിയിനത്തിലെ ലയിലിറ്റിഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.

6. NREGS Cash Book പ്രകാരം തൻവർഷ വരവ് 1214210/-രൂപയും ചെലവ് 1685532/-രൂപയുമാണ്. വാർഷിക ധനകാര്യപത്രികയിൽ വരവ് ചെലവുകളായി യഥാക്രമം 1244210/-രൂപ 1362911/-രൂപ എന്നീ തുകകളാണ് ഉൾപ്പെടുത്തിയത്.

7. l(6),l 14(C) എന്നിവ പ്രകാരം Nregs ആകെ വരവ് തുക 60795949/-രൂപയാണ്.എന്നാൽ ക്യാഷ് ബുക്ക് പ്രകാരം ആകെ വരവ് 60765949/-രൂപയാണ്. 30000/-രൂപയുടെ വ്യത്യാസം വന്നതിന്റെ കാരണം ബോധ്യപ്പെട്ടിട്ടില്ല.

8. അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും ലഭിക്കാനില്ല.എന്നാൽ B18-ൽ 9000/-ലഭിക്കാനുള്ളതായി ഉൾപ്പെടുത്തിയിരിക്കുന്നു.

9.Other Advance ആയിb18-ല് ഉൾപ്പെടുത്തിയിട്ടുള്ള 307090/-രൂപയുടെ രേഖകൾ ഹാജരാക്കിയിട്ടില്ല.

10. l&E,B/S എന്നിവയിൽ lLGMS PDE ലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

	01.04.2020-20.09.2020 (സാംഖ്യ)		21-9-20 (ILGMS)
I&E,	Total Income	35283264/-	35283264/-
	Total Ependiture	31576599/-	36468767/-
B/S	Asset& Liabilities	93569869/-	96197384/-

11. I&E Agriculture Sector Expense ൽ 1053484/-രൂപയുടെയും Diary Devolopment Expense-ൽ 716104/-രൂപയുടെയും ഇരട്ടിപ്പ് വന്നിരിക്കുന്നു. കൂടാതെ കൃഷി വിഭാഗത്തിൽ 802/-രൂപയുടെയും മൃഗസംരക്ഷണത്തിൽ 63000/-രൂപയുടെയും ചെലവ് വർദ്ധിച്ച് നിൽക്കുന്നു.

12.2019-20-ൽ പ്രോപ്പർട്ടി ടാക്സ് (Res) ഡിമാന്റ് 1796578/- രൂപയും Non Residential ഡിമാന്റ് 1320593/-രൂപയുമാണ്. എന്നാൽ 2020-21 ൽ Residential കെട്ടിടങ്ങളുടെ ഡിമാന്റിനത്തിൽ 103116 രൂപയുടെയും(144 കെട്ടിടങ്ങൾ) . Non Residential കെട്ടിടങ്ങളുടെ ഡിമാന്റിനത്തിൽ 227808/-രൂപ (70കെട്ടിടങ്ങൾ) വർദ്ധനവുണ്ടെങ്കിലും വാർഷിക ധനകാര്യപത്രികയിൽ ടി വർദ്ധനവ് ഉൾപ്പെട്ടിട്ടില്ല.2020-21 ലെ വസ്തുനികുതി ഡിമാന്റ് 1797605/-(2019-20 ലെ ഡിമാന്റിനേക്കാൾ 1027/-രൂപയുടെ വർദ്ധനവ്) നോൺ റെസിഡെൻഷ്യൽ ഡിമാന്റ് 1339536/-രൂപ (2019-20 ലെ ഡിമാന്റിനേക്കാൾ 18963/-രൂപയുടെ വർദ്ധനവ്). മേൽ വ്യത്യാസത്തിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.

13. 2019-20 B/s പ്രകാരം പ്രോപ്പർട്ടിടാക്സ് Res 7401/-രൂപയും Non Resi 7709/-രൂപയുമാണ് കുടിശ്ശികയായി ഉള്ളത്. തൻവർഷ വരവ് യഥാക്രമം 3222/-രൂപയും 6204/- രൂപയുമാണ്. എന്നാൽ ഹാജരാക്കിയ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം Res.കുടിശ്ശിക ഡിമാന്റ് 3222/-രൂപയും നോൺറെസ്ഡെൻഷ്യൽ കുടിശ്ശിക 6204/-രൂപയുമാണ്. കൂടാതെ മുൻവർഷ അഡ്വാൻസ് കളക്ഷനിൽ നിന്നുള്ള ബുക്ക് അഡ്ജസ്റ്റ്മെന്റുകൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും മുൻവർഷ AFS പ്രകാരം പ്രേപ്പർട്ടി ടാക്സ് ഹെഡ്ഡിൽ അഡ്വാൻസ് കളക്ഷൻ ഇല്ല. തൻവർഷ Afs പ്രകാരമുള്ള പ്രോപ്പർട്ടി ടാക്സ് ഡി.സി.ബി.യിലും ചുവടെ ചേർക്കുന്ന വ്യത്യാസം ഉണ്ട്.

14. Property Tax Res 179760/-രൂപ(ഡിമാന്റ്)-1780497/-രൂപ(കളക്ഷൻ)-17108/-രൂപ(ബാലൻസ്)

Non-res 1339536/-രൂപ(ഡിമാന്റ്)-1325938/-രൂപ(കളക്ഷൻ)-13598/-രൂപ(ബാലൻസ്).

എന്നാൽ B/s പ്രകാരം പ്രേപ്പർട്ടി ടാക്സ് ഇനത്തിൽ തുകകളൊന്നും ലഭിക്കാനില്ല. മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	15887733/-രൂപ
വരവ്	100591153/-രൂപ
ആകെ	116478886/-രൂപ
ചെലവ്	98222197/-രൂപ
നീക്കിയിരിപ്പ്	1825668/-രൂപ
വരവിനങ്ങളിലെ നഷ്ടം	
ഓഡിറ്റിൽ അംഗീകരിക്കാത്ത തുക/ നിരാകരിക്കുന്ന തുക	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	533153/-രൂപ

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	ഒ.ബി₹	വരവ്₹	ആകെ₹	ചെലവ്₹	സി.ബി₹
വികസന ഫണ്ട്-ജനറൽ		15260625	15260625	14160472	1100153
വികസന ഫണ്ട്-എസ്.സി.പി		10638000	10638000	9444845	1193155
മെയിന്റനൻസ്, റോഡ്		14998000	14998000	14998000	0
മെയിന്റനൻസ്, നോൺ-റോഡ്		4651000	4651000	4075994	575006
ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)		5950000	5950000	2813236	3136764
ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied)		10865510	10865510	8023518	2841992
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)					
എ.സി.ഡി.എസ്	6000	33000	39000	6000	33000
എ.സി.പി.എസ്	1846123	980480	2826603	1566446	1260157
ശുചിത്വമിഷൻ	826336	2409999	3236335	-	3236335
സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക)					
ലൈഫ് വിഹിതം	580000	2300000	2880000	1410000	1470000
തൊഴിലുറപ്പ് പദ്ധതി	556169	1244210	1800379	1715532	84847
സോഷ്യൽ ജസ്റ്റിസ് ക്യാപ്പിറ്റൽ	5020	226	5246	--	5246
ഗ്രാന്റ്-അദർ പർപ്പസ്സ്		739238	739238	403638	335600
അദർ ഗവ.ഏജൻസീസ്	-	200000	200000	-	200000
ഇന്റർനാഷണൽ ഓർഗ്ഗനൈസേഷൻ-ക്യാപ്പിറ്റൽ	33579	1511	35090	-	35090
സ്പെസിഫിക് പർപ്പസ് ക്യാപ്പിറ്റൽ	18400	0	18400	0	18400

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ₹	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്₹	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
200	189238384/-	163	80647166/-	-	37	81.5

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്₹	വരവ്₹	ആകെ₹	ചെലവ്₹	നീക്കിയിരുപ്പ്₹
ഭരണചെലവുകൾ	556169/-	1685210/-	2241379/-	2156532/-	84847/-
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	-	59080417/-	59080417/-	5908417/-	-
100 തൊഴിൽ ദിനം പൂർത്തിയാക്കിയവർക്കുള്ള ബോണസ്സ്		471000/-	471000/-	471000/-	-

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക₹	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	59760/-	83
കർഷകതൊഴിലാളി പെൻഷൻ	3923300/-	178
വിധവാപെൻഷൻ	20349500/-	1084
വാർദ്ധക്യകാലപെൻഷൻ	34967300/-	1981
ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	7192200/-	368
വിവാഹ ധനസഹായം	60000/-	2
50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	132300/-	ലഭ്യമല്ല

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.06.22 2.00P.M-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4108/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാന്വവൽ പാർട്ട് 1 അനുബന്ധം ബി)

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. മാന്വവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പെയ്മെന്റുകൾ യഥാസമയം ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന എൻട്രികൾ ഏത് വർഷവുമായി

ബന്ധപ്പെട്ടതാണെന്ന് കൃത്യമായി രേഖപ്പെടുത്തുന്നില്ല. റോഡ് കണക്ടിവിറ്റി പ്ലാൻ, സോഷ്യൽ മാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ എല്ലാ പദ്ധതികളുടെയും ഫയലുകളിൽ വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഇല്ല. വാട്ടർ ചാർജിനത്തിൽ ഒരു കോടി മുപ്പത് ലക്ഷം രൂപയുടെ കുടിശ്ശികയുണ്ട്. എന്നാൽ ഇതിന്റെ കൃത്യത ഉറപ്പാക്കാൻ ഉള്ള സംയുക്ത പരിശോധനകൾ വാട്ടർ അതോറിറ്റിയുമായി ചേർന്ന നടത്തുന്നില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	10/12/21	2020-21	15/12/21
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	23/2/2017	2011-12 മുതൽ 2015-16 വരെ	29/4/17

1-11 റീട്ടെയിൽ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഈടാക്കിയില്ല

2020-21 വർഷം ശൂരനാട് തെക്ക് ഗ്രാമപ്പഞ്ചായത്തിലെ റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതി, ലൈസൻസ് എന്നിവ ഈടാക്കിയിട്ടില്ല. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലും ഇതോടനുബന്ധിച്ച് പുറപ്പെടുവിച്ച 1996-ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരഭ പ്രവർത്ത നങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ്. റീട്ടെയിൽ റേഷൻഷോപ്പുകൾക്ക് ഗ്രാമപ്പഞ്ചായത്തുകളിൽ നിന്നുള്ള ലൈസൻസ് ആവശ്യമാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻഷോപ്പുകൾ ഒന്നും തന്നെ 2020-21 വർഷം ഗ്രാമപ്പഞ്ചായത്തിൽ നിന്നുള്ള ലൈസൻസ് നേടിയിട്ടില്ല. 2019-20 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഈ വിഷയം ചൂണ്ടികാണിച്ചതിനെ തുടർന്ന് തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവ ഒടുക്കാൻ ആവശ്യപ്പെട്ട് SC1-953/2019 തീയതി 20.06.2022 നമ്പർ കത്ത് നൽകിയെങ്കിലും ഫീസ് ഒടുക്കിയിട്ടില്ല. നികുതിയും ഫീസും ഒടുക്കാൻ വിസമ്മതിക്കുന്ന കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ച പ്രകാരമുള്ള തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1-12 സേവന ഉപനികുതി ഈടാക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നില്ല

ഗ്രാമപ്പഞ്ചായത്ത് പ്രദേശത്ത് സ്ഥിതിചെയ്യുന്ന ഏതൊരു കെട്ടിടത്തിന്റെയും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ, സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം,ജലവിതരണം, തെരുവുവിളക്ക് പരിപാലനം, ഡ്രയിനേജ് എന്നിവ ഏർപ്പെടുത്തുന്നതിലേക്ക് വസ്തുനികുതിയുടെ 10%കുറയാതെ സേവന ഉപനികുതി ചുമത്താവുന്നതാണെന്ന് 2011ലെ കേരളപഞ്ചായത്ത് രാജ് വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ സേവന ഉപനികുതി ഈടാക്കുന്നതിന്റെ സാധ്യത ഗ്രാമപ്പഞ്ചായത്ത് പരിശോധിക്കുന്നില്ല. 2020-21 സാമ്പത്തിക വർഷം ആകെ 3106435/-രൂപ വസ്തുനികുതി ഇനത്തിൽ(ലൈബ്രറി സെസ്സ് ഒഴികെ) ഈടാക്കിയിട്ടുണ്ട്. ഏറ്റവും കുറഞ്ഞ നിരക്കിൽ സേവന ഉപനികുതി ഈടാക്കിയാൽ തന്നെയും 310643/-രൂപ ഈ ഇനത്തിൽ ലഭിക്കേണ്ടതായിരുന്നു. ഗ്രാമപ്പഞ്ചായത്തിന്റെ ചെലവ് വർദ്ധിച്ചു വരികയും വരുമാന വർദ്ധനവിന്റെ സാധ്യത കുറഞ്ഞു വരുകയും ചെയ്യുന്ന സാഹചര്യത്തിൽ പുതിയ ധനാഗമ മാർഗ്ഗം എന്ന നിലയിൽ ഈ നിർദ്ദേശം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പരിഗണനക്ക് സമർപ്പിക്കുന്നു.

1-13 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ-32,436/-രൂപയുടെ മരുന്ന് ലഭിക്കാൻ അവശേഷിക്കുന്നു

2020-21 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ (ആയുർവേദം) നിർവ്വഹണ ഉദ്യോഗസ്ഥയായി ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങുന്നതിനായി നോൺ റോഡ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 200000/-രൂപ (Bill No 03/10.08.2020) ഹോംകോ യ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് സമയം വരെയും മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. 167564/-രൂപയുടെ മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. 32436/-രൂപയുടെ മരുന്നുകൾ ഇനിയും ലഭ്യമാകാൻ അവശേഷിക്കുന്നു. തുക കൈമാറി ഒന്നര വർഷം കഴിഞ്ഞിട്ടും അവശ്യമരുന്നുകൾ പൂർണ്ണമായും ലഭ്യമാകാത്തത് പദ്ധതിയുടെ ഉദ്ദേശലക്ഷ്യത്തെ പ്രതികൂലമായി ബാധിക്കുന്നു.ഈ വിഷയത്തിലേക്ക് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ശ്രദ്ധക്ഷണിക്കുന്നു.

1-14 ലൈഫ് ഭവനപദ്ധതി-നിർമ്മാണം പൂർത്തിയാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ.
ലൈഫ് ഭവന പദ്ധതിയിൽ അംഗങ്ങളായ ചുവടെ പരാമർശിക്കുന്ന ഗുണഭോക്താക്കൾ പൂർത്തീകരണ സാക്ഷ്യപത്രം ഹാജരാക്കി സബ്സിഡി തുക പൂർണ്ണമായി കൈപ്പറ്റിയിട്ടില്ല.

ഗുണഭോക്താവിന്റെ പേര് , വിലാസം	നാളിതുവരെ കൈപ്പറ്റിയ തുക ₹	കൈപ്പറ്റാൻ ബാക്കിയുള്ള തുക ₹
ശ്രീമതി ബീനാകുമാരി, ചരുവിൽ,കിടങ്ങയം വടക്ക്,പതാരം	200000/-	200000/-
ശ്രീമതി ശോഭനകുമാരി,വിശാഖ് ഭവനം,ഇരവിച്ചിറ നടുവിൽ,പതാരം	200000/-	200000/-
ശ്രീമതി ശങ്കരി,കാത്തൂർ താഴതിൽ,കിടങ്ങയം വടക്ക്	40000/-	360000/-
ശ്രീ.ജയകുമാർ,ഭാരതി മന്ദിരം, പള്ളിശ്ശേരിൽ	200000/-	200000/-

ലൈഫ് ഭവന പദ്ധതി (എസ്.സി)

ഗുണഭോക്താവിന്റെ പേര് , വിലാസം	നാളിതുവരെ കൈപ്പറ്റിയ തുക₹	കൈപ്പറ്റാൻ ബാക്കിയുള്ള തുക₹
ശ്രീ.അനിൽകുമാർ, കാവിനാൽകുളങ്ങര, കക്കാക്കുന്ന്	40000/-	360000/-
ശ്രീ.മുകേഷ്, മഠത്തിൽതറ വടക്കതിൽ, കിടങ്ങയം കന്നിമേൽ	200000/-	200000/-

നിർമ്മാണം പൂർത്തിയാക്കാൻ ശേഷിക്കുന്ന ഭവനങ്ങളുടെ നിർമ്മാണം പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 വിവാഹ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ഈടാക്കിയ 21029/-പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ല

2021-22 സാമ്പത്തിക വർഷം ഓൺലൈൻ-ഇ-പെയ്മെന്റ് മുഖേന വിവാഹ രജിസ്ട്രേഷൻ നടത്തിയവരിൽ നിന്നും രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ ഈടാക്കിയ തുക ഗ്രാമപ്പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റ് ആയിട്ടില്ല. ഇ-പെയ്മെന്റ് ആയി ഒടുക്കുന്ന അവസരത്തിൽ തന്നെ ൈഎ.എൽ.ജി.എം.എസ് സോഫ്റ്റ്വെയറിൽ തുക അടച്ചതായി രേഖപ്പെടുത്തൽ വരുകയും തുക അടവാക്കുന്ന വ്യക്തിക്ക് അടച്ച തുകയുടെ രസീത് ലഭ്യമാകുന്നുണ്ടെങ്കിലും ഇ-പെയ്മെൻറായി അടവാക്കുന്ന തുക lKMന്റെ സസ്പെൻസ് അക്കൌണ്ടലാണ് ക്രെഡിറ്റാകുന്നത്. വസ്തുനികുതി,മറ്റ് ഫീസുകൾ

എന്നിവ ഓൺലൈനായി അടവാക്കുന്നതിന് പഞ്ചായത്ത് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ 37044280798 നമ്പരായി അക്കൗണ്ട് ആരംഭിച്ചിട്ടുണ്ടെങ്കിലും 2020-21 വർഷം ഈ ഇനത്തിൽ ലഭിച്ച 21029/-രൂപ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രെഡിറ്റായിട്ടില്ല. ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതിനായി ഈ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-16 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

ക്രമ നം	പദ്ധതിയുടെ നം, പേര് , അടങ്കൽ തുക ,ഫണ്ട്, സ	ചെലവഴിച്ച തുക (₹)(ബിൽ നം),	തടസ്സപ്പെടുത്തുന്ന തുക (₹)	റിമാർക്ക്സ്
1	153/21 10ാം വാർഡിലെ അംഗൻവാടി 98 ലേക്ക് സിംഗിൾ ഫേസ് കണക്ഷൻ , ധനകാര്യകമ്മീഷൻ ഗ്രാന്റ് , 71400/-രൂപ	71400/-(ബിൽ നം 7/13-5-20)	71400/-	പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല
2	195/21 വിട്ട് കിട്ടിയ സ്ഥാപനങ്ങൾക്ക് വാട്ടർ കണക്ഷൻ ,വികസനഫണ്ട് ധനകാര്യകമ്മീഷൻ ഗ്രാന്റ് 13337/-രൂപ, വാട്ടർ അതോറിറ്റി, കൊല്ലം	13337/-(ബിൽ നം18/6-7-20,)	13337/-	പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല
	221/21ജില്ലാ ആസൂത്രണസമിതി മന്ദിര നിർമ്മാണം വിഹിതം നല്കൽ,വികസനഫണ്ട് ജനറൽ 80100/-രൂപ, തനത് ഫണ്ട് 69900/-രൂപ	150000/-(80100-ബിൽ നം40225-11-20,തുക69900/-,ചെക്ക് നംം 32504727-11-20)	150000/-	ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല
4	222/21ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, തനത് ഫണ്ട് 100000/-രൂപ	98416/-(42704- ചെക്ക് നം 325046/27-11-20, തുക 30751- ചെക്ക് നം 301798/5-3-21, 24961/-ചെക്ക് നം 301842/24-3-21)	98416/-	വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.
5	6/21സാമൂഹ്യസുരക്ഷാമിഷന് വിഹിതം നല്കൽ,വികസന ഫണ്ട് ജനറൽ 200000/-രൂപ	200000-, ബിൽ നം 21//6-7-20	200000/-	ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല
		ആകെ	533153/-	

വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകൾ തടസ്സപ്പെടുത്തുന്നു,പ്രവർത്തിപൂർത്തീകരിച്ചതിന്റെ രേഖകൾ,വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

എൻകയറി നം 3/30-6-20

തടസ്സപ്പെടുത്തുന്ന തുക – 533153/-രൂപ

1-17 സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരം- സംയുക്ത പരിശോധന നടത്തി തുക ക്രമീകരിച്ചിട്ടില്ല.

വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും പ്രതിമാസം 388 സ്ട്രീറ്റ് ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 169750/- രൂപ വീതം ഒടുക്കി വരുന്നുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിന് വെള്ളക്കരം കുടിശ്ശികയിനത്തിൽ 18695125/-രൂപയും ഫൈൻ ഇനത്തിൽ 366709/-രൂപയും നിലവിലും ഒടുക്കാൻ ശേഷിക്കുകയാണ്.(288-2-21വരെയുള്ള ഡിമാന്റ് നോട്ടീസ് പ്രകാരം).കൂടാതെ ടി തുകയോടൊപ്പം ഫൈൻ ആയി ഫൈൻ ആയി 2% തുക മാസം തോറും ഉൾപ്പെടുത്തുകയും ചെയ്യുന്നു. പഞ്ചായത്തിൽ വിവിധ വർഷങ്ങളിലെ പദ്ധതികളിലായി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, ഗാർഹിക കുടിവെള്ള കണക്ഷൻ എന്നിവ നടപ്പിലാക്കുന്നുണ്ടെങ്കിലും വെള്ളക്കരഡിമാന്റിൽ നിന്നും ടാപ്പുകളുടെ എണ്ണം കുറച്ചിട്ടില്ല. ജൽ ജീവൻമിഷൻ മുഖേന 1650 ഗാർഹിക കണക്ഷനുകളും നൽകിയിട്ടുണ്ടെങ്കിലും നിലവിലും 388 ടാപ്പുകളുടെ വെള്ളക്കരമാണ്പ്രതിമാസം ഒടുക്കി വരുന്നത്.മേൽകാരണങ്ങളാലും കുടിശ്ശിക തുക വർദ്ധിച്ചു വരുന്നതിനാലും പ്രവർത്തന രഹിതമായതും ഗാർഹിക കണക്ഷനുകൾ പൂർത്തീകരിച്ചയിടങ്ങളിലെയും സ്ട്രീറ്റ് ടാപ്പുകൾ വാട്ടർ അതോറിറ്റിയുമായുള്ള സംയുക്ത പരിശോധന നടത്തി ഒഴിവാക്കേണ്ടതും കുടിശ്ശിക കണക്കുകൾ പരിശോധിച്ച് തുകയുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്.

1-18 വസ്തു നികുതി ഡിമാന്റ് - വാർഷിക ധനകാര്യ പത്രികയിൽ ആനുപാതികമായ വർദ്ധനവ് ഉൾപ്പെടുത്തിയിട്ടില്ല

വസ്തു നികുതിയുടെ ഡിമാന്റ് ഇനത്തിൽ 2019-20 സാമ്പത്തിക വർഷത്തേക്കാൾ 19,990/-രൂപയുടെ വർദ്ധനവ് മാത്രമാണ് 2020-21 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. 2019-20 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തു നികുതി (റസിഡൻഷ്യൽ) ഡിമാന്റ് 17,96,578/-രൂപയും നോൺ റസിഡൻഷ്യൽ ഡിമാന്റ് തുക 13,20,593/-രൂപയുമാണ്. 2020-21ൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ വിവരം സഞ്ചയ സോഫ്ട് വെയർ പ്രകാരമുള്ള രേഖകൾ അടിസ്ഥാനമാക്കി പരിശോധിച്ചപ്പോൾ 144 പാർപ്പിട ആവശ്യത്തിനായുള്ള കെട്ടിടങ്ങളുടെ നികുതിയായി 1,03,116/-രൂപയും, 70 വാണിജ്യ ഇതര ആവശ്യങ്ങളുടെ കെട്ടിടങ്ങളുടെ നികുതിയായി 2,27,808/-രൂപയും നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ 2020-21 ലെ വസ്തുനികുതി ഡിമാന്റ് ₹1,79,765/-(2019-20 ലെ ഡിമാന്റിനേക്കാൾ 1,027/-രൂപയുടെ വർദ്ധനവ്) നോൺ റസിഡൻഷ്യൽ ഡിമാന്റ്, ₹13,39,536/- (2019-20 ലെ ഡിമാന്റിനേക്കാൾ 18,963/-രൂപയുടെ വർദ്ധനവ്) മാത്രമാണ് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടുള്ളത്. 2020-21 സാമ്പത്തിക വർഷം കോവിഡ് വ്യാപനം മൂലം വ്യാപാര സ്ഥാപനങ്ങളും ഓഡിറ്റോറിയങ്ങളും അടഞ്ഞ് കിടന്നതിനാൽ വേക്കൻസി റമിഷനായി 98,634/-രൂപയും വിമുക്തഭടൻമാരുടെ നികുതിയിളവായി 59,581/- രൂപയും അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (5/ 1-7-2022) സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങൾ സാധൂകരിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല. മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ള വിവരങ്ങൾ അംഗീകരിച്ചാൽ തന്നെയും 1,72,709/-രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. തനത് വരുമാനം താരതമ്യേന കുറവായ ഗ്രാമപഞ്ചായത്തിൻ്റെ പ്രധാന വരുമാനമാണ് വസ്തു നികുതി. ആയതിനാൽ ഈ ഇനത്തിൻ്റെ ഡിമാൻ്റിലുള്ള കുറവ് സംബന്ധിച്ച് ഗൗരവമായ പരിശോധന നടത്തുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയോടും പഞ്ചായത്ത് ഭരണ സമിതിയോടും ശിപാർശ ചെയ്യുന്നു. വേക്കൻസി റെമിഷൻ ,വിമുക്ത ഭടൻമാരുടെ വസ്തു നികുതി ഇളവ് എന്നിവ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2020-21	28.06.2022, 29.06.2022	കെ.എസ്.എ.കെ.എൽ.എം.പി.10/1220/2022 തീയതി 22/07/2022

4-2 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക (₹)	പ്രൊജക്ടിന്റെ പേര്	ചെലവ് (₹)	ബാലൻസ് (₹)
ബ്ലോക്ക് പഞ്ചായത്ത്	2020-21	378486/-	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	378486/	0
ബ്ലോക്ക് പഞ്ചായത്ത്	2020-21	5,00,000/-	ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം	5,00,000-	
ബ്ലോക്ക് പഞ്ചായത്ത്	2019-20	6135/-	അംഗണവാടി കെട്ടിട നിർമ്മാണം	6135/-	0
ബ്ലോക്ക് പഞ്ചായത്ത്	2020-21	500000/-	ബഡ്സ് സ്കൂൾ നടത്തിപ്പ്	500000/-	0
ബ്ലോക്ക് പഞ്ചായത്ത്	2020-21	114250/-	ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്	114250/-	0
ബ്ലോക്ക് പഞ്ചായത്ത്	2020-21	172250/-	സമഗ്രനെൽകൃഷി വികസനം	172250/-	0
ബ്ലോക്ക് പഞ്ചായത്ത്	2020-21	220000/-	സമഗ്രനെൽകൃഷി വികസനം	220000/-	0
ബ്ലോക്ക് പഞ്ചായത്ത്	2020-21	945000/-	ലൈഫ് ഭവന പദ്ധതി(എസ്.സി)	945000/-	0
ബ്ലോക്ക് പഞ്ചായത്ത്	2020-21	200000/-	ലൈഫ് ഭവന പദ്ധതി	200000/-	0
ബ്ലോക്ക് പഞ്ചായത്ത്	2020-21	675000/-	ലൈഫ്ഭ്രൂരഹിതർക്ക് ഭൂമി വാങ്ങൽ	675000/-	0
ബ്ലോക്ക് പഞ്ചായത്ത്	2020-21	1280000/-	ലൈഫ് ഭവന പദ്ധതി(എസ്.സി.പി)	1280000/-	0
ബ്ലോക്ക് പഞ്ചായത്ത്	2020-21	230000/-	ലൈഫ് ഭവന പദ്ധതി(ജനറൽ)	230000/-	0
ബ്ലോക്ക് പഞ്ചായത്ത്	2020-21	800000/-	ലൈഫ് മൂന്നാം ഘട്ടം ഭൂരഹിതർക്ക് ഭൂമി വാങ്ങൽ	800000/-	0
ജില്ലാപഞ്ചായത്ത്	2020-21	200000/-	ബാല സൗഹൃദ ഗ്രാമം-അങ്കണവാടി കെട്ടിട നിർമ്മാണം-97	200000/-	0

ജില്ലാപഞ്ചായത്ത്	2020-21	200000/-	ബാല സൗഹൃദ ഗ്രാമം-അങ്കണവാടി കെട്ടിട നിർമ്മാണം-84	200000/-	0
ജില്ലാപഞ്ചായത്ത്	2020-21	200000/-	ബാല സൗഹൃദ ഗ്രാമം-അങ്കണവാടി കെട്ടിട നിർമ്മാണം-85	200000/-	0
ജില്ലാപഞ്ചായത്ത്	2020-21	196208/-	അങ്കണവാടി അന്നപൂരക പോഷകാഹാര പരിപാടി	196208/-	0
ജില്ലാപഞ്ചായത്ത്	2020-21	298750/-	ഭിന്നശേഷികുട്ടികൾക്ക് സ്കോളർഷിപ്പ് വിതരണം	298750/-	0
ജില്ലാപഞ്ചായത്ത്	2020-21	337618/-	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	337618/-	0
ജില്ലാപഞ്ചായത്ത്	2020-21	327978/-	ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി	327978/-	0
ജില്ലാപഞ്ചായത്ത്	2020-21	225250/-	സമഗ്രനെൽകൃഷി വികസനം	225250/-	0
ജില്ലാപഞ്ചായത്ത്	2020-21	233750/-	സമഗ്രനെൽകൃഷി വികസനം	233750/-	0
ജില്ലാപഞ്ചായത്ത്	2020-21	653734	കേരഗ്രാമം പദ്ധതി	653734	0
ജില്ലാപഞ്ചായത്ത്	2020-21	539280/-	മാവിനത്തറ പാലം മുതൽ മാവിനത്തറ കോളനി വരം റോഡ് കോൺക്രീറ്റ്, സൈഡ് വാൾ നിർമ്മാണം	539280/-	0
ജില്ലാപഞ്ചായത്ത്	2020-21	1575447/-	ശൂരനാട് കുഞ്ഞൻ പിള്ള മലയാള ഭാഷ പഠന ഗവേഷണ കേന്ദ്രം	1575447/-	0

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 11160000/-രൂപ വരവുണ്ട്. മുൻബാക്കി 200000/- രൂപയടക്കം 11360000/- രൂപയിൽ 10530000/-രൂപ വിനിയോഗിച്ചിട്ടുണ്ട്. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	തൻ വർഷ വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹)	തൻവർഷം തിരിച്ചടച്ച തുക(₹)		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (₹)
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	സ.ഉ.(സാധാ) 5105/19 തീയതി 1/8/19	11160000/-	34074705/-	3234705/-		4200000/-

*തൻ വർഷ ലോൺ തുകയും വാർഷിക ധനകാര്യ പത്രികയിലെ തുകയും തമ്മിലുള്ള വ്യത്യാസം ഖണ്ഡിക 1-2-1(2) ഉൾപ്പെടുത്തിയിട്ടുണ്ട്.

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ ഇല്ല.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക(₹)		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക (₹)	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-16	5,33,153/-	ശ്രീ. അജ്മൽ ജെ. സെക്രട്ടറി

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സ ത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീ.അജ്മൽ ജെ. സെക്രട്ടറി	സെക്രട്ടറി, ശൂരനാട് തെക്ക്	എെക്കര പുത്തൻവീട്, പട.സൗത്ത്,കരുനാഗപ്പള്ളി

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1997-98	എൽ.എഫ്.കൃ.പി8/1396(3)/14 തീ.24.6.14
1999-00	എൽ.എഫ്.കൃ.പി8/1396(5)/14തീ.24.6.14

2001-02	എൽ.എഫ്.കൃ.പി8/1396(7)/14തീ.24.6.14
2002-03	എൽ.എഫ്.കൃ.പി8/1396(8)/14തീ.24.6.14
2003-04	എൽ.എഫ്.കൃ.പി8/1396(9)/14തീ.24.6.14
2004-05	എൽ.എഫ്.കൃ.പി8/1396(10)/14തീ.24.6.14
2005-06	എൽ.എഫ്.കൃ.പി8/1396(11)/14തീ.24.6.14
2006-07	എൽ.എഫ്.കൃ.പി8/1396(12)/14തീ.24.6.14
2007-08	എൽ.എഫ്.കൃ.പി8/1396(13)/14തീ.24.6.14
2008-09	എൽ.എഫ്.കൃ.പി8/1396(14)/14തീ.24.6.14
2009-10	എൽ.എഫ്.കൃ.പി8/1396(15)/14തീ.24.6.14
2010-11	എൽ.എഫ്.കൃ.പി8/1396(16)/14തീ.24.6.14
2011-12	എൽ.എഫ്.കൃ.പി8 /978/14 തീ 10.07.14
2012-13 & 2013-14	കെ.എസ്.എ. – കെ.എൽ.എം.പി7 /820/15 തീ 19.10.15
2014-15	കെ.എസ്.എ. – കെ.എൽ.എം.പി7 /1150/16 തീ 23.07.16
2015-16	കെ.എസ്.എ. കെ.എൽ.എം.പി.7–1898 / 16 തീയതി, 4/2/17
2016-17	കെ.എസ്.എ. കെ.എൽ.എം.പി.10/1724/17 തീയതി, 20.10.2017
2017-18	കെ.എസ്.എ. കെ.എൽ.എം.പി. 10/206/19 തീയതി,26/03/19
2018-19	കെ.എസ്.എ. കെ.എൽ.എം.പി. 10/479/2020 തീയതി, 10/06/20
2019-20	കെ.എസ്.എ. കെ.എൽ.എം.പി. 10/79/2022 തീയതി, 22/06/2022

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ശൂരനാട് തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-3

അനുബന്ധപത്രികകൾ

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	സംക്ഷിപ്തം (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം